**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1085.** **25.01.2018 ൽ മറുപടിയ്ക്ക്**

## 2017 ഡിസംബർ 21 മുതൽ 26 വരെയുള്ള മദ്യ വില്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | 2017 ഡിസംബർ 21 മുതൽ 26 വരെയുള്ള കാലയളവിൽ കേരളത്തിൽ എത്ര കോടി രൂപയുടെ മദ്യ വില്പനയാണ് നടന്നത്; | (എ) | ഈ കാലയളവിൽ 269 കോടി രൂപയുടെ മദ്യ വില്പനയാണ് കെ.എസ്.ബി.സി നടത്തിയത്. |
| (ബി) | 2016 ലെ ഇതേ കാലയളവിലെ മദ്യ വില്പനയെ അപേക്ഷിച്ച് എത്ര കോടി രൂപയുടെ വർദ്ധനവാണ് രേഖപ്പെടുത്തിയത്; | (ബി) | 2016 ഡിസംബർ 21 മുതൽ 26 വരെയുള്ള കാലയളവിൽ 233 കോടി രൂപയുടെ മദ്യവില്പനയാണ് കെ.എസ്.ബി.സി മുഖേന നടന്നത്. ടി കാലയളവിൽ മദ്യവില്പനയിൽ 36 കോടി രൂപയുടെ വർദ്ധനവാണ് (15%) ഉണ്ടായിട്ടുള്ളത്. |
| (സി) | മദ്യ വില്പനയിൽ ഉണ്ടാകുന്ന ഈ വർദ്ധനവ് മദ്യ വർജ്ജന നയത്തിന് എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ക്രിസ്മസ്-നവവൽസര ആഘോഷങ്ങളുടെ കാലമായതിനാലാണ് ഈ കാലയളവിൽ മദ്യ വില്പനയിൽ വർദ്ധന രേഖപ്പെടുത്തിയുട്ടുള്ളത്. എന്നാൽ 2016 ഏപ്രിൽ മുതൽ 2016 ഡിസംബർ വരെ 268.81 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം വിൽപന നടത്തിയ സ്ഥാനത്ത് 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ 237.10 ലക്ഷം കെയ്സ് ഇന്ത്യൻ നിർമ്മിത വിദേശമദ്യം മാത്രമാണ് വില്പന നടത്തിയത്. ഈ കാലയളവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപനയിൽ 31.71 ലക്ഷം കെയ്സിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ് വസ്തുത. |

**സെക്ഷൻ ഓഫീസർ**